BOOK-POST

To

(For Private Circulation Only)

Pin.........................................

# അറിയിപ്പ്

**ഈ** വർഷത്തെ മണ്ഡല പൂജ "41 ചിറപ്പ്" കുടുംബാംഗങ്ങളെ എല്ലാവരേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്താൻ തീരുമാനിച്ചിരിക്കുന്നു. 41-ാം ചിറപ്പു ദിവസം മണ്ഡലപൂജ ഒന്നിന് 500/- രൂപ. എല്ലാ കുടുംബാംഗങ്ങളുടേയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ദുർഗ്ഗാഷ്ടമി, മഹാനവമി, വിജയദശമി നാളുകളിൽ പ്രത്യേക പൂജകളും ദേവീഭാഗവത പാരായണവും ഉണ്ടായിരിക്കുന്നതാണ്. ഭാഗവത സപ്താഹം: ഡിസംബർ 18 മുതൽ 25 വരെ

# "അഭിനന്ദനങ്ങൾ"

**2013** ലെ എസ്.ബി.ടി.യുടെ സാഹിത്യപുരസ്കാരത്തിന് ഡോ. സി.ആർ. പ്രസാദ് അർഹനായി. "നിലപാടുറപ്പിക്കുന്ന ആഖ്യാനങ്ങൾ" എന്നു വിമർശന ഗ്രന്ഥത്തിനാണ് അവാർഡ് ലഭിച്ചത്. (അഭിനന്ദനങ്ങൾ)

നാരായണീയ ഹംസം ശ്രീഹരിദാസ് ജി, ആറ്റുകാൽ ക്ഷേത്രത്തിൽ വച്ച് നടത്തിയ നാരായണീയം ടെസ്റ്റിൽ ശ്രീമതി ഉഷാകിരൺ വിജയിക്കുകയുണ്ടായി. (അഭിനന്ദനങ്ങൾ)

# അനുശോചനം

**മ**ണിയശ്ശേരി കുടുംബാംഗമായ ഡോ. വിനയന്റെ (കൊച്ചുപുരക്കൽ) ഭാര്യാമാതാവ് ശ്രീമതി ചെമ്പകക്കുട്ടിയമ്മയുടെ നിര്യാണത്തിൽ കുടുംബാംഗങ്ങളോടൊപ്പം ദുഃഖം പങ്കുവയ്ക്കുകയും പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അമ്പാടിക്കണ്ണൻ

ജയ ജയ ജയ നന്ദഗോപപുത്രകൃഷ്ണാ
ജയ ജയ ജയ രുക്മിണീപതേ

വസുദേവ പുത്രാ ദേവകീപ്രിയങ്കരാ
യശോദാ നന്ദനാ ഗോവിന്ദ (2)

കംസസംഹാരകാ ഗോപാലാ
ജ്ഞാന ഗുരുവേ ശ്രീകൃഷ്ണാ

ദ്വാരകാവാസീ ഗോവിന്ദാ
ഓടക്കുഴലൂതും കാർവർണ്ണാ (2) (ജയ ജയ ജയ)

ഗോപികൾ തൻ പ്രിയനായ കാർവർണ്ണാ
പുല്ലാങ്കുഴലൂതും ശ്രീകൃഷ്ണാ

ഭക്തജനപാലകാ ഗോവിന്ദാ
മാനസപ്രിയനേ ഗോപാലാ (ജയ ജയ ജയ)

സുദാമാവിൻ തോഴനായ മുകിൽവർണ്ണാ
ദേവർക്കും ദേവനായ മധുസൂദനാ....

വൃന്ദാവന സഞ്ചാരി, ഗോവർദ്ധന ഗിരിധാരി
വിഷ്ണു സ്വരൂപനേ, മാധവാ കൃഷ്ണാ.... (ജയ ജയ ജയ)

പശുപാലകനേ ഗോപാലാ...
കൃഷ്ണലീലയാടും അമ്പാടിക്കണ്ണാ

ഗോപികൾ തൻ മോക്ഷദായകൻ കൃഷ്ണാ
പരിപാലിച്ചീടേണം അമ്പാടിക്കണ്ണാ (ജയ ജയ ജയ)

വെണ്ണ പ്രിയനേ മധുസൂദനാ
ത്രൈലോക്യവാസീ ഗോപാലാ

അവതാരപുരുഷാ ഗോവിന്ദാ
പൂതനാ നിഗ്രഹാ ശ്രീകൃഷ്ണാ (ജയ ജയ ജയ)

ആർ. രാകേന്ദു (11 yrs.) ശ്രീവൈഷ്ണവം

# വൈഷ്ണവം

www.maniyasseri.org
E-mail: swamy.gandharva@gmail.com

തമസോമാ ജ്യോതിർഗമയ

കൊല്ലവർഷം 1190 കന്നി (ശകവർഷം 1936 ആശ്വിനം) വാല്യം 6 ലക്കം 3, ക്രിസ്തുവർഷം 2014 ഒക്ടോബർ......

ॐ

## മുഖക്കുറിപ്പ്

**അ**തീവ ശ്രേഷ്ഠമായ പല കാര്യങ്ങളും നമ്മുടെ ക്ഷേത്രത്തിന്റെ പുരോഗമനത്തിനു വേണ്ടി ചെയ്തിട്ടാണ് കഴിഞ്ഞ ട്രസ്റ്റ് ഭാരവാഹികൾ സ്ഥാനം ഒഴിഞ്ഞത്. ഇനിയും എത്രയോ കാര്യങ്ങൾ ക്ഷേത്രത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. പുതിയ ട്രസ്റ്റ് ഭാരവാഹികൾ സ്വാമിയുടെ ഇച്ഛപോലെ ക്ഷേത്രഭരണം ഏറ്റെടുത്തിട്ട് ആദ്യമായി പുറത്തിറക്കുന്ന വൈഷ്ണവ ലക്കമാണിത്. കൂടാതെ ആണ്ടുപിറന്നിട്ട് ആദ്യത്തേതും.

ഏതു നല്ല കാര്യം ആരംഭിക്കുമ്പോഴും അത് ഭഗവത് സ്മരണയോടെ വേണം എന്നതാണ് ഭാരതീയ സംസ്കാരം. നമുക്കും അങ്ങനെ തന്നെ തുടക്കം കുറിക്കാം.

ഭാരതീയ ദർശനം അനുസരിച്ച് പരമാത്മാവിന്റെ പ്രതീകം ആണ് "ഓം" എന്ന ദിവ്യാക്ഷരം. അതിനാൽ "ഓം" ന്റെ മഹിമയിൽ നിന്നും നമുക്കു തുടങ്ങാം.

"തസ്യ വാചക പ്രണവ" എന്ന് യോഗശാസ്ത്രത്തിൽ പതഞ്ജലിയും, ഓം ഇതി ഏകാക്ഷരം ബ്രഹ്മ! "ഓം ഇതി ഏകാക്ഷരം മന്ത്രം വ്യാഹരൻ മാം അനുസ്മരൻ!" എന്ന് ഭഗവത് ഗീതയിൽ വ്യാസഭഗവാനും പറയുന്നുണ്ട്. അതായത് പരമാത്മാവിന്റെ സൂചകപദം പ്രണവം എന്ന ഓം ആണെന്ന് യോഗ സൂത്രവും, ഓം എന്ന അക്ഷരം ബ്രഹ്മമാണെന്ന് ഭഗവത്ഗീതയും വ്യക്തമാക്കുന്നു. നമുക്കും ഈ വാല്യം വൈഷ്ണവം "ഓം" എന്ന പ്രണവ മന്ത്രത്തെ പറ്റി പ്രതിപാദിച്ചു കൊണ്ട് തുടങ്ങാം.

ഒരു രൂപവും സൃഷ്ടിയിൽ ഇല്ലാതിരുന്ന കാലത്ത് ആദിവചനവും ബ്രഹ്മാക്ഷരവും ആയ ഓം എന്ന മുഴക്കം മാത്രമേ ഉണ്ടായിരുന്നുള്ളൂ. നമ്മൾ കാതുകളും, കണ്ണും, മൂക്കും വായും വിരലുകൾകൊണ്ട് അടച്ചാൽ നമ്മുടെ ഉള്ളിലും ഈ ഓംകാരം ശ്രവിക്കാവുന്നതാണ്. അതിൽ നിന്നും നമുക്ക് നമ്മുടെ അസ്തിത്വത്തിന്റെ സൃഷ്ടിയുടെ സ്വരവും ഓം എന്ന ബ്രഹ്മാക്ഷരം ആണെന്ന് അനുമാനിക്കാം. ഇതു തന്നെയാണ് ഓം ന്റെ പ്രാധാന്യം.

നാം ജന്മം എടുക്കുന്നത് മുജ്ജന്മ കർമ്മഫലം കൊണ്ടാണെങ്കിലും മനുഷ്യജന്മകർമ്മഫലം കൊണ്ടാണെങ്കിലും മനുഷ്യ ജന്മത്തിന് പൊതുവേ ഒരു ധർമ്മം ഉണ്ട്. ഉന്നതമായ മര്യാദകൾ സ്വജീവിതത്തിൽ പാലിക്കുകയും പരോപകാരത്തിനായി ജീവിതം നയിക്കുകയും ആണ് മനുഷ്യധർമ്മം. അതായത് "മാനവസേവ മാധവ സേവ"

മൃഗമനസ്സിൽ നിന്നും മനുഷ്യമനസ്സിലേക്കും അവിടെ നിന്നും ഈശ്വര ഹൃദയത്തിലേക്കും ഉള്ള യാത്രയാണ് മനുഷ്യജന്മം. അതറിഞ്ഞ് ജീവിക്കുക എന്നതാണ് മനുഷ്യധർമ്മം. ഈ ജീവിതയാത്രയിൽ വഴി തെറ്റാതെ മനസ്സ് പതറാതെ മുന്നോട്ട് പോകാൻ, നേർവഴിയിൽക്കൂടി നമ്മെ നടത്താൻ വാത്സല്യനിധിയും ദയാവാരിധിയും ആയ നമ്മുടെ സ്വാമിയോട്, കുടുംബപരദേവതയോട് അകമഴിഞ്ഞ് പ്രാർത്ഥിക്കാം.

***

ഡോ : ബി. സരോജിനിയമ്മ
പ്രസിഡന്റ്

## 2013 ലെ വാർഷിക പൂജാവേളയിൽ കലാപരിപാടികൾ അവതരിപ്പിച്ച പ്രതിഭകൾ


ദേവികൃഷ്ണ


ദുർഗ്ഗ കെ.ടി., രാകേന്ദു ആർ., ഗായത്രി ഗോപകുമാർ, അപർണ്ണ നായർ


മേഘ ആർ. നായർ,

# സർപ്പക്കാവുകൾ സംരക്ഷിക്കേണ്ടത് എന്തിന്? (ആവശ്യം)

**ഡോ : ബി. സരോജിനിയമ്മ**

"**ദൈ**വത്തിന്റെ സ്വന്തം നാടെന്ന്" വർത്തമാനകാലഘട്ടം നാമകരണം ചെയ്തിട്ടുള്ള കേരളം ആ നാമം അന്വർത്ഥം ആകുംവിധം പരിശുദ്ധമായ വായുവും അഛസ്ഫടികസങ്കാശമായ ശുദ്ധജലവും സുഭിക്ഷമായി ലഭിക്കുന്ന ഹരിതാഭകലർന്ന ഒരു സുന്ദര ഭൂപ്രദേശം ആയിരുന്നു ഒരുകാലത്ത്. പടുകൂറ്റൻ മരങ്ങളും അതിൽ പടർന്ന് പന്തലിച്ചുവളരുന്ന വള്ളികളും, കുറ്റിക്കാടുകളും പലവിധ ഔഷധസസ്യങ്ങളും കൊണ്ട് നിബിഡമായ സർപ്പക്കാവുകൾ ഓരോ തറവാട്ട് മുറ്റത്തേയും അലങ്കരിച്ചിരുന്നു. വേനൽക്കാലത്തും വറ്റാത്ത ജലാശയങ്ങൾ കേരളത്തിന്റെ സമ്പത്തായിരുന്നു. ഇവ എല്ലാം ചേർന്ന് കടലോരപ്രദേശമായ കൊച്ചു കേരളത്തെ മരതകകാന്തിയിൽ മുക്കി മുക്കി ഏവരുടേയും മിഴിയും മനവും കവർന്ന് ദേവലോകസമാനമാക്കിയിരുന്നു.

പുരാതന കാലം മുതൽക്കേ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സുദൃഢമായ ബന്ധത്തിന് ഒരു ഉത്തമ ഉദാഹരണം കൂടിയാണ് ഹരിതാഭമായ ശീതളഛായ നൽകുന്ന സർപ്പക്കാവുകൾ. ഇന്ന് ശാസ്ത്രലോകം വനനശീകരണം മൂലം ഉണ്ടായ "ഗ്രീൻ ഹൗസ് ഇഫക്ട്"ന്റെ അഭാവം ചുട്ടുപൊള്ളിക്കുന്ന ഭൂമിയേയും തദ്വാര കഷ്ടപ്പെടുന്ന മനുഷ്യരേയും, ഈ വിപത്തിൽ നിന്നും എങ്ങനെ രക്ഷിക്കാം എന്ന ചിന്തയിലാണ്. ഈ വിപത്തിന് പരിഹാരമായിരുന്നു ഓരോ തറവാട്ടു മുറ്റവും ശുദ്ധവും പരിപാവനവും ആയി കാത്തു സൂക്ഷിച്ചിരുന്ന സർപ്പക്കാവുകൾ. ഭൂമിയ്ക്ക് ഈർപ്പവും തണലും നൽകി ഓരോ വീടിന്റെയും അന്തരീക്ഷം ജീവവായു (ഓക്സിജൻ) കൊണ്ട് സമൃദ്ധമാക്കാൻ ഈ സർപ്പക്കാവുകൾക്ക് സാധിച്ചിരുന്നു. അതുപോലെ കുളങ്ങളിലും കിണറുകളിലും ജലം വേനൽക്കാലത്തും വറ്റാതിരിക്കുന്നതിനും ഇവയുടെ "ഗ്രീൻഹൗസ് ഇഫക്ട്" ഉതകിയിരുന്നു. അങ്ങനെ ഓരോ തറവാട്ട് മുറ്റത്തും ഉള്ള സർപ്പക്കാവുകൾ ഒരു സമ്പൂർണ്ണ പരിസ്ഥിതി വ്യവസ്ഥ തന്നെയായിരുന്നു. ഉഛ്വാസ വായുവിലൂടെ പുറത്തുവിടുന്ന കാർബൺ ഡൈ ഓക്സൈഡ് $Co_2$ വലിച്ചെടുത്ത് ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഓക്സിജൻ പുറത്തുവിടാൻ കാവുകളിലേ ഹരിത സമൃദ്ധിയ്ക്ക് സാധിക്കും. പുരാതന കാലം മുതലേ ഒരു ശാസ്ത്രജ്ഞാനവും ഇല്ലാത്ത മുത്തശ്ശിമാർ ഉപയോഗിക്കുന്ന ഒരു ചൊല്ലുണ്ട് "കാവു തീണ്ടല്ലേ - കുളം വറ്റും!" കാവുകളിൽ യഥേഷ്ടം കയറി അവയുടെ സുഗമമായ വളർച്ചയ്ക്ക് വിഘാതമാവുകയോ, മരങ്ങൾ നശിപ്പിക്കുകയോ ചെയ്താൽ കുളം, കിണറ് തുടങ്ങിയ ജലാശയങ്ങൾ വറ്റും എന്ന് അവർക്ക് അനുഭവജ്ഞാനം കൊണ്ടാവാം, അറിയാമായിരുന്നു. അന്നും കാവുകളെ വെറും സർപ്പാരാധനാലയങ്ങളായി മാത്രമല്ല കരുതിയിരുന്നത്. അങ്ങനെ ആയിരുന്നെങ്കിൽ കുളം വറ്റും എന്നതിനു പകരം കുലം മുടിക്കും എന്ന് പറയുമായിരുന്നു. കാവുകൾ ശുദ്ധജലം നിറഞ്ഞ ജലാശയങ്ങളേയും, ഭൂമിയുടെ ഈർപ്പം നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണെന്ന അറിവ് അവർക്കുണ്ടായിരുന്നു.

വിവിധതരം വൃക്ഷലതാദികൾ, സൂക്ഷ്മാണുക്കൾ, ചെറുജീവികൾ, പക്ഷികൾ, സർപ്പക്കുളം, ഇവ എല്ലാം ചേർന്ന് സർപ്പക്കാവുകൾ ഒരു പോസിറ്റീവ് എനർജി നൽകുന്നു. പല രോഗങ്ങൾക്കും പാലിയേറ്റീവ് ചികിത്സ എന്ന നിലയിലും കാവുകൾ ഉപകാരപ്രദമാണ്. ഈശ്വരാരാധന നടത്തുന്ന പരിശുദ്ധമായ സ്ഥലം, ശീതളഛായ, കുളിരുപകരുന്ന കാറ്റ് പൂത്തുനിൽക്കുന്ന ചെടികൾ ഇവയെല്ലാം ശരീരത്തിനും മനസ്സിനും ഉന്മേഷം പകരാൻ ഉതകുന്നു. കൂടാതെ പക്ഷികളുടെ കളകൂജനവും, ചിത്രശലഭങ്ങളുടെ അഴകും പച്ചപ്പിനിടയിൽ വിരിഞ്ഞു നിൽക്കുന്ന വർണ്ണാഭമായ പുഷ്പങ്ങളുടെ ഭംഗിയും മണവും, കാവിലെ തണലും കുളിരും ഏതുമനസ്സിനേയാണ് അല്പനേരത്തേക്ക് എങ്കിലും ശാന്തമാക്കാത്തത്.

സർപ്പാരാധനയും കാവുകളും കേരളത്തിൽ ഇത്രയധികം പ്രചരിക്കുന്നതിന് ഐതിഹ്യപരമായും ചില കഥകളുണ്ട്.

പരശുരാമൻ മഴു എറിഞ്ഞ് കടലിൽ നിന്നും ജലം മാറ്റി എടുത്തതാണ് കേരളം എന്നാണ് ഐതീഹ്യം. അങ്ങനെ എടുത്ത ഭൂപ്രദേശത്ത് അദ്ദേഹം തരണനല്ലൂർ തുടങ്ങിയ പന്ത്രണ്ട് ബ്രാഹ്മണതന്ത്രിമാരെ കൊണ്ടുവന്ന് താമസിപ്പിച്ചു. അവർക്ക് വേണ്ടി ക്ഷേത്രങ്ങൾ നിർമ്മിച്ച് പൂജാവിധികളും ഉത്സവാദി കർമ്മങ്ങളും വേണ്ടവിധത്തിൽ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

"തന്ത്രിണോ ദ്വാദശശ്രേഷ്ഠാൻ
പ്രതിഷ്ഠാർത്ഥം അകല്പയത്!"

*കേരളമാഹാത്മ്യം 28-ാം അദ്ധ്യായം*

പക്ഷേ കടലിൽ നിന്നും പൊങ്ങി വന്ന കേരളം ഓരുകലർന്ന വെള്ളവും പാമ്പുകളുടെ ആധ്യക്യവും കൊണ്ട് മനുഷ്യവാസത്തിന് വിഷമമുള്ളതാക്കി. നിവൃത്തിയില്ലാതെ ബ്രാഹ്മണർ തിരിച്ചുപോകാൻ ആഗ്രഹിച്ചു. പരശുരാമൻ, ശ്രീപരമശിവനെ പ്രത്യക്ഷപ്പെടുത്തി അദ്ദേഹത്തിന്റെ ഉപദേശപ്രകാരം നാഗരാജാവായ അനന്തനേയും സർപ്പരാജാവായ വാസുകിയേയും തപസ്സുചെയ്ത് പ്രത്യക്ഷപ്പെടുത്തി അവർ സർപ്പങ്ങൾക്ക് പ്രത്യേകം വാസസ്ഥാനം നൽകി, സർപ്പങ്ങളെ ഭൂമിയുടെ രക്ഷകരും കാവൽക്കാരും എന്ന് കരുതി ആരാധിക്കുകയും ചെയ്താൽ പാമ്പുകളിൽ നിന്നും ഉപദ്രവം ഉണ്ടാവുകില്ല എന്ന് അരുളി ചെയ്തു. കൂടാതെ സർപ്പങ്ങളോട് അവരുടെ ഉച്ഛ്വാസ വായുവിനാൽ ജലത്തിലേയും മണ്ണിലേയും ഉപ്പുരസം നശിപ്പിക്കുവാനും നിർദ്ദേശിച്ചു. അനന്തരം പരശുരാമന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ താമസമാക്കിയവർ ഓരോ തറവാട്ടുവളപ്പിലും സർപ്പക്കാവുകൾ നിർമ്മിച്ച് ചിത്രകൂടം സ്ഥാപിച്ച് സർപ്പാരാധന നടത്തുകയും ചെയ്തുവന്നു. ഇതിൽ നിന്നും വെള്ളത്തിന്റെ ഓരു മാറ്റുന്നതിനും കാവുകൾ ഉപകാരപ്രദമാണെന്ന് കരുതാം. ★★★

## ആചാര്യവചനം

"നല്ല വാക്കു ചൊല്ലണം, നന്മ ചെയ്തു വാഴണം
നാമഘോഷമെന്നുമെന്റെ നാവിലായ് വന്നീടണം
നല്ലചിന്തയേകണം, മനസ്സുശുദ്ധമാക്കണം
നിത്യനായചിൽ പ്രകാശരൂപനെ വണങ്ങണം
പൊൻ ചിലമ്പുകൊഞ്ചിടുന്ന പിഞ്ചുപാദമോർക്കണം
ആ പദാബ്ജം തന്നിലായ് സദാവണങ്ങിടുന്നു ഞാൻ"

പ്രിയപ്പെട്ട കുടുംബാംഗങ്ങളേ,

**പു**തിയ ഭരണസമിതി ക്ഷേത്രഭരണം ഏറ്റെടുത്തിട്ട് ആദ്യമായി പുറത്തിറക്കുന്ന ഈ വൈഷ്ണവ ലക്കത്തിൽ ഏവരുടേയും സഹകരണവും അഭിപ്രായങ്ങളും പ്രതീക്ഷിക്കുന്നു. 1-5-2014ൽ കൂടിയ പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകരിച്ച വികസന പ്രവർത്തനങ്ങൾ ഓരോന്നായി ഈ കമ്മിറ്റി ചെയതു വരികയാണ്. ആർ. സോമശേഖരൻ നായരുടെ സ്മരണക്കായി അദ്ദേഹത്തിന്റെ മക്കളുടെ സംഭാവനയായ ക്ഷേത്രചുറ്റുമതിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ അവരോടുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. കരിനാഗയക്ഷിയമ്മയുടെ മുൻവശം നിന്ന വാകമരവും മേൽശാന്തി മഠം നിർമ്മിക്കുന്നതിലേക്ക് പടിഞ്ഞാറുവശം നിന്ന മരങ്ങളും മുറിച്ചുമാറ്റി. എന്നാൽ ഏറ്റവും പ്രാധാന്യമേറിയ പണികൾ ഇനിയും ബാക്കിയാണ്. ത്രിപുര സുന്ദരീ ദേവിയുടെ ശ്രീകോവിൽ പുനഃരുദ്ധാരണവും സ്വാമിയുടെ ശ്രീകോവിലിന്റെ മേൽക്കൂര ചെമ്പോല മേയുന്നതിനുമായി ശ്രമകരമായ പരിപാടികൾ തുടങ്ങിക്കഴിഞ്ഞു. ഏതാണ്ട് 25 ലക്ഷത്തോളം ചെലവ് പ്രതീക്ഷിക്കുന്ന ഈ സംരംഭത്തിന് എല്ലാ അംഗങ്ങളുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ ഭാഗവത സപ്താഹം പൂർവ്വാധികം ഭംഗിയായി ഡിസംബർ 18 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. അംഗങ്ങളുടെ സൗകര്യാർത്ഥമാണ് ഒക്ടോബർ മാസത്തിൽ നിന്നും സപ്താഹം ഡിസംബറിലേക്ക് മാറ്റിയത്. കൂടാതെ ആ ദിവസങ്ങളിൽ മണ്ഡല പൂജ തൊഴാനുള്ള അവസരവും ലഭ്യമാകുന്നതാണ്. മുൻവർഷങ്ങളിലെപ്പോലെ തന്നെ കർക്കിടമാസപൂജയും, രാമായണ പാരായണവും ഭംഗിയായി നടന്നു. മണ്ഡലപൂജ, പൂജവയ്പ്പ്, ദേവീഭാഗവത പാരായണം ഇവയുടെ ഒരുക്കങ്ങൾ നടന്നുവരുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും അംഗങ്ങളുടെ സഹായസഹകരങ്ങൾക്കും പ്രത്യേകിച്ച് നമ്മുടെ പരദേവതകളുടെ അനുഗ്രഹാശിസ്സുകൾക്കുമായി പ്രാർത്ഥിക്കുന്നു.

സെക്രട്ടറി
**ആർ. ശിവകുമാർ**

---

**പ്രസാദഊട്ട് വഴിപാട് നടത്തിയവർ** (6000 രൂപ)

കർക്കിടകം: വിജയമോഹനൻ നായർ (Tvm)
ചിങ്ങം: ഡോ. എസ്. രമാദേവി (Ekm)
ചിങ്ങം: ഡോ. സി.കെ. ഗോപിനാഥൻ നായർ (ഇരിങ്ങാലക്കുട)

**2) രാമായണമാസ പൂജ നടത്തിയവർ** (200 രൂപ)

മരുളീഗോപാൽ, അർജ്ജുനൻ, ശരണ്യ, കൃഷ്ണഗോപാൽ, ദുർഗ്ഗ, ശ്രദ്ധ, ഉഷാകിരൺ, രഞ്ജിത്, കൃഷ്ണപ്രിയ, രാമകൃഷ്ണൻ, സംയുക്ത ഗോപകുമാർ, ഗീതാറാണി, ഗോപകുമാരൻ നായർ, വിദ്യാമോഹൻ, ഉദയ, മീര, അപർണ്ണ അശോക്, ശശികല, പ്രസാദ്, വിജയ്, രവീന്ദ്രകുമാർ, അനൂപ് വി, ലാവണ്യ, നന്ദിതാകൃഷ്ണൻ, മീരാ നായർ, വൈഷ്ണവ്, ശ്രീകുമാർ, അഗസ്ത്യ, പുരുഷോത്തമ പണിക്കർ, അനിൽ നായർ, അഭിനവ്, രതീഷ്, രോഹിണി ദേവി, ഗോപിനാഥൻ നായർ, സിദ്ധാർത്ഥ് നാരായൺ, അഞ്ജന, അപർണ്ണാ തമ്പി, അർജ്ജുൻ മേനോൻ, മീനാക്ഷി കൃഷ്ണകുമാർ, രാധാമധവൻ, രാംഗോപാൽ, ഡി. കൃഷ്ണപണിക്കർ, വന്ദനാ ഗോപാൽ, കൃഷ്ണദാസ്, മനു മോഹൻ, അനുജാ മാധവൻ, വൈഷ്ണവി, ശാന്തകുമാരി, റിയ കൃഷ്ണദാസ്, വേദാന്ത്, വിജയലക്ഷ്മിയമ്മ, വിജയമോഹനൻ നായർ, ശ്രീകുമാരി, ദേവിക, രോഹിത് കൃഷ്ണദാസ്, ഇന്ദിര, ഡോ. എൻ.ആർ.എം. മേനോൻ, ഹിമ, ജയശ്രീ, ഗോപകുമാർ പി, ഉഷാദേവി, ജയാമോഹൻ, സുജിത്, അനിൽകുമാർ പിള്ള, ബാലൂമോഹൻ, പ്രീത, ശിവപ്രസാദ്, ഹേമ, ലക്ഷ്മി, മാധവ്, അക്ഷിത, ധനി, ശിവകുമാർ, രാംഗോപാൽ, രഘു ആർ, ഹരിപ്രസാദ്, ശ്രീലക്ഷ്മി, ഷൈലജ രവികുമാർ, മേഘ, വാസുദേവൻ നായർ, ജിജി തമ്പി, ഗായത്രി ഗോപകുമാർ, സുപ്രിയ, സതീദേവി, രേഖ അനിൽനായർ, ഇന്ദു പണിക്കർ, ശ്രീകുമാരി, ഋഷികേശ്, സവിൻ, രമാദേവി, ഗോപിനാഥൻ നായർ, അജിത്, വിഘ്നേശ്, ശിവപ്രസാദ്, അപർണ്ണാനായർ, ശാരദാ ദാസ്, ഗായത്രി, കൃഷ്ണകുമാർ, ജെ. ഭാസ്ക്കരൻ നായർ, അജയ്, ദർശന, ഹരിഹരൻ, അജിത്, നവീൻ, സുമേഷ്, ശാരദാ ദാസ്, ഗായത്രി, കൃഷ്ണകുമാർ, സുനിൽ, ദേവിപ്രസാദ്, മധുസൂദനൻ എം.കെ., ഗീതാ കൃഷ്ണദാസ്, അനുരാധ, ആപ്തഭാരതി, ഗീതാശിവപ്രസാദ്, വിവേക് സി. നായർ, കീർത്തനാ എം. വേണുഗോപാൽ. കമലം ജി. നായർ, അങ്കിത, ലക്ഷ്മി, അനഘ, സിന്ധു പണിക്കർ, പാർവ്വതി, അഖിൽ വി, ഭാരതീ കൃഷ്ണ, ശാരദാമ്മ ബി, സുചിത, ഡോ. എസ്. മാധവൻ നായർ, ആർ. സോമശേഖർ, കൃഷ്ണവേണി, ഹരിപ്രസാദ്, ഗൗതം, സ്വാതി, ഗീതാഗോപകുമാരൻ നായർ, അപൂർവ്വ വിവേക്, ആരതി രഘുകുമാർ, പത്മ പണിക്കർ, ലതിക, വീരരാഘവൻ, രാധികാ രാഘവൻ, ഡോ. പത്മകുമാർ. ഗോകുൽ പ്രസാദ്, അരവിന്ദ്, ടി.സഞ്ജയ്, രാധിക രാജൻ, കൃഷ്ണകുമാർ, ഐശ്വര്യ, ലേഖ എസ്, രഞ്ജിത് നാരായണൻ, വാസുദേവ്, കനകം, ഗൗരി, അജിത് നാരായണൻ.